LIBRARY ARCHIVES Kerala Legislative Assembly

ശ്രീകണ്ഠപുരം കേന്ദ്രമാക്കി രണ്ടാം ക്ലാസ് മജിസ്ട്രേട്ടു കോടതി

31. [49] ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ ശ്രീകണ്ഠപുരം കേന്ദ്രമാക്കി ഒരു രണ്ടാം ക്ലാസ് മജിസ്ട്രേട്ട് കോടതി ആരംഭിക്കണമെന്ന നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ കാര്യത്തിൽ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഹൈക്കോടതി, പുതിയതായി തുടങ്ങേണ്ട കോടതികളുടെ, മുൻഗണനാടിസ്ഥാനത്തിൽ തയ്യാറാക്കിയ ഒരു ലിസ്റ്റ് ഗവൺമെന്റിന് നൽകിയിട്ടുണ്ട്. ഈ ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് പുതിയ കോടതികൾ തുടങ്ങുന്നത്. പ്രസ്തുത ലിസ്റ്റിൽ ശ്രീകണ്ഠപുരത്ത് ഒരു മുനിസിഫ് കോടതി തുടങ്ങാൻ ശുപാർശ ചെയ്തിട്ടുണ്ട്. മജിസ്ട്രേട്ടു കോടതി നിർദ്ദേശിക്കപ്പെട്ടിട്ടില്ല.

വി. ജെ. റ്റി. ഹാളിന്റെ പഴയ ഗേറ്റ്

32. [50] ശ്രീ. എം. പി. എം. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം വി.ജെ. റ്റി. ഹാളിൽ ഉണ്ടായിരുന്ന പഴയ ഗേറ്റ് കടത്തിക്കൊണ്ടുപോയതു സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ, ഇതിനെക്കുറിച്ച് അന്വേഷിച്ച് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) ഗേറ്റ് കടത്തിക്കൊണ്ടുപോയ ഉദ്യോഗസ്ഥന്മാരുടെ പേരിൽ ശിക്ഷാ നടപടികൾ സ്വീകരിക്കുമോ ;

(ഡി) വി. ജെ. റ്റി. ഹാളിന്റെ വാടകയിൽ ഇളവ് അനുവദിക്കുന്നതിൽ വിവേചനം കാട്ടുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ, അതു ശ്രദ്ധയിൽപ്പെടുത്തിയാൽ ഉത്തരവാദികളായവരുടെ പേരിൽ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇക്കാര്യത്തിൽ ഒരു ഊമക്കത്ത് ലഭിച്ചിട്ടുണ്ട്.

(ബി) ഗേറ്റ് വി. ജെ. റ്റി. ഹാളിൽത്തന്നെ ഉള്ളതായി അന്വേഷണത്തിൽ മനസിലായിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഇല്ല.

(ഇ) പരാതി ലഭിക്കുമ്പോൾ അതെപ്പറ്റി ആലോചിക്കുന്നതാണ്.

റാന്നി നിയോജകമണ്ഡലത്തിലെ പഞ്ചായത്തു കളിൽപ്പെട്ട വീടുകൾ

33. [51] ശ്രീമതി റേച്ചൽ സണ്ണി പനവേലിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ: